വ്യവസായ സംബന്ധമായ മേഖലകളിൽ വേണ്ട അറിവ് പ്രദാനം ചെയ്യുന്നതിനും വിവിധ ഘട്ടങ്ങളിൽ വേണ്ട "എസ്കോർട്ട് സർവ്വീസ്" നൽകുന്നതിനും വേണ്ടി പത്താം പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് പ്രൊഫിഷ്യൻസി ഇന്റർഫേസ് സെൽ.

(ഡി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്വകാര്യ നിക്ഷേപം കുറഞ്ഞതായി കരുതുന്നില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം (31-1-05) വരെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ 39,656 യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്ത എല്ലാ യൂണിറ്റുകളും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര സഹായ പദ്ധതി

*13 [480] ശ്രീ. പി. സി. ജോർജ് :
,, എ. സി. മൊയ്തീൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര സഹായ പദ്ധതികളുടെ നടത്തിപ്പ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നൂറ് ശതമാനം കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; സംയുക്തമായ പദ്ധതി ഏതൊക്കെ; മറ്റ് പദ്ധതികൾ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ;

(സി) കേന്ദ്ര സഹായ പദ്ധതികൾ പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ഏതെങ്കിലും സാമൂഹ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയാതായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് പരമാവധി കേന്ദ്ര സഹായം നേടിയെടുക്കാൻ കഴിയുന്നുണ്ടോയെന്ന് അറിയിക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) (1) 100 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ:

(i) ബാലികാ സമൃദ്ധി യോജന.

(ii) സംയോജിത സ്ത്രീ ശാക്തീകരണ പദ്ധതി (സ്വയംസിദ്ധ) (ഐ.ഡബ്ല്യു.ഇ.പി.)

LIBRARY ARCHIVES Kerala Legislative Assembly

(iii) സംയോജിത ശിശുവികസന പദ്ധതി.

(iv) സംയോജിത ശിശുവികസന പദ്ധതി (ഐ.സി.ഡി.എസ്. മൂന്നാം ഘട്ടം)

(v) ഉഭിഷാ ട്രെയിനിംഗ് പ്രോഗ്രാം.

(vi) നാഷണൽ ന്യൂട്രീഷൻ പ്രോഗ്രാം.

(vii) ദേശീയ കുടുംബക്ഷേമ പദ്ധതി.

(ബി) (2) സംയുക്ത പദ്ധതികൾ:

(i) ദേശീയ വാർദ്ധക്യകാല പെൻഷൻ (68% കേന്ദ്രാവിഷ്കൃത പദ്ധതി).

(ii) ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും അന്തേവാസികളുടെ ഡീ ഇൻസ്റ്റിറ്റ്യൂഷനലൈസേഷനും (50% സി. എസ്. എസ്)

(iii) ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം നിരീക്ഷണ ഭവനങ്ങൾ സ്ഥാപിക്കുക (50% സി. എസ്. എസ്).

(സി) നാഷണൽ ന്യൂട്രീഷൻ പ്രോഗ്രാം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് ലഭിക്കാൻ കേന്ദ്രാനുമതി ഇല്ലാത്തതാണ് ഇതിനു കാരണം.

(ഡി) കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി പരമാവധി കേന്ദ്ര സഹായം നേടിയെടുക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ നടപടി

*14 [481] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി രാധാരാഘവൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം പൂട്ടിക്കിടന്ന എത്ര തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ട എത്രപേർക്ക് തൊഴിൽ ലഭിച്ചു;

(സി) ഇനി എത്ര തോട്ടങ്ങൾ പൂട്ടിക്കിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly